5829281/2023

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : സുഭാഷ് ടി വി ഐ.എ.എസ്)**

---

പ്രൊസീഡിംഗ്സ് നമ്പർ. എ2/36/2023/ഐ&പി.ആർ. തീയതി, തിരുവനന്തപുരം (05-08-2023)

---

വിഷയം:- ഐ&പി.ആർ.ഡി.-ആലപ്പുഴ ജില്ല ഇൻഫർമേഷൻ ഓഫീസിൽ എഡിറ്റ് സ്യൂട്ട്, വോയ്സ് ബൂത്ത് എന്നിവയ്ക്കാവശ്യമായ സാങ്കേതിക ഉപകരണങ്ങൾ ക്രമീകരിക്കുന്നതിന് തുക അനുവദിച്ചത് **-ഭേദഗതി വരുത്തി-** ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: - 1. 31/07/2023 ലെ എ2/36/2023/ഐ&പി.ആർ. നം. നടപടിക്രമം

2. ആലപ്പുഴ ജില്ല ഇൻഫർമേഷൻ ഓഫീസറുടെ 01/08/2023 ലെ 198/2012/ഡി.ഐ.ഒ.എ നം. കത്ത്

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ല ഇൻഫർമേഷൻ ഓഫീസിൽ എഡിറ്റ് സ്യൂട്ട്, വോയ്സ് ബൂത്ത് എന്നിവയ്ക്കാവശ്യമായ സാങ്കേതിക ഉപകരണങ്ങൾ ക്രമീകരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള 23,83,000/- രൂപ '2220-60-102-99-ഇൻഫർമേഷൻ സെന്റേഴ്സ്' ശീർഷകത്തിൽ നിന്നും ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് അനുവദിച്ച് നല്കി സൂചന (1) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക തിരുവനന്തപുരം PWD Electronic Division Executive Engineer ടെ ട്രഷറി അക്കൗണ്ടിലേക്ക് (8443-00-108 PWD Deposit in the DDO Code 0104-59B-046) നിക്ഷേപിക്കേണ്ടതാണെന്ന് സൂചന (2) പ്രകാരം ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്.

സൂചന (1) ലെ നടപടിക്രമം പ്രകാരം ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ പേരിൽ തുക അനുവദിച്ച് ഉത്തരവായിരുന്നെങ്കിലും തുക റിലീസ് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത നടപടിക്രമത്തിലെ അവസാന ഖണ്ഡിക ചുവടെ ചേർക്കും പ്രകാരം **ഭേദഗതി** വരുത്തി ഉത്തരവാകുന്നു.

*ആലപ്പുഴ ജില്ല ഇൻഫർമേഷൻ ഓഫീസിൽ നിലവിൽ പൂർത്തിയായിവരുന്ന കെട്ടിടത്തിൽ എഡിറ്റ് സ്യൂട്ട്, വോയ്സ് ബൂത്ത് എന്നിവയ്ക്കാവശ്യമായ സാങ്കേതിക ഉപകരണങ്ങൾ ക്രമീകരിക്കുന്നതിന് **23,83,000/- രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തിമൂവായിരം രൂപ മാത്രം)** 2023-24 സാമ്പത്തിക വർഷത്തെ **'2220-60-102-99-ഇൻഫർമേഷൻ സെന്റേഴ്സ്'** ശീർഷകത്തിൽ നിന്നും തിരുവനന്തപുരം PWD Electronic Division Executive Engineer -ടെ ട്രഷറി അക്കൗണ്ടിലേക്ക് (8443-00-108 PWD Deposit in the DDO Code 0104-59B-046) അനുവദിച്ച് ഉത്തരവാകുന്നു.*

മേൽ ഭേദഗതിയോടെ സൂചന (1) ലെ നടപടിക്രമം നിലനിൽക്കുന്നതാണ്.

**സുഭാഷ് ടി വി ഐ.എ.എസ്**

**ഡയറക്ടർ**

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രോണിക്സ് വിഭാഗം) വകുപ്പ് ,

5829281/2023

മ്യൂസിയം പി.ഒ., തിരുവനന്തപുരം

ജില്ല ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ

അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക്കേഷൻസ്)

ഇൻഫർമേഷൻ ഓഫീസർ (ആർ & ആർ/പ്ലാനിംഗ്/വെബ് & ന്യൂ മീഡിയ)

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്. (3 പകർപ്പുകൾ)

സബ് ട്രഷറി ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Aswathi. S. Poonkavanam

Date: 07-08-2023 12:11:42